ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ രേഖകളിൽ പ്രവാസികൾ എന്ന വിഭാഗത്തിൽപ്പെട്ടിട്ടുണ്ടെങ്കിലും മറ്റൊരു വരുമാനമാർഗ്ഗവും ഇല്ലാതെ വിഷമിക്കുന്ന ഇവരെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളെ സഹായിക്കുന്നതിനായി, നോർക്ക വകുപ്പിന് കീഴിൽ സാന്ത്വന, കാരുണ്യം, നോർക്ക - റൂട്ട്സ്, ചെയർമാൻ ഫണ്ട് എന്നീ പദ്ധതികൾ നിലവിലുണ്ട്. കൂടാതെ തിരിച്ചെത്തിയ പ്രവാസികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവാസി ക്ഷേമനിധിയും ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക മാന്ദ്യംമൂലം വൻതോതിലുള്ള പ്രവാസികളുടെ തിരിച്ചുവരവ് ഉണ്ടായിട്ടില്ല എന്നാണ് ഇതുസംബന്ധമായി നടത്തിയ വിദഗ്ധ പഠനത്തിൽനിന്നും മനസ്സിലാകുന്നത്.

(ബി) ആഗോള സാമ്പത്തികമാന്ദ്യം കാരണം തിരികെ വരുന്ന പ്രവാസികളുടെ കണക്ക് തിട്ടപ്പെടുത്തുന്നതിന് പ്രവാസികാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റ് വഴി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനോടകം 1214 പേർ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

പ്രവാസി സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

55 (4402) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി വകുപ്പുമുഖേന പ്രവാസി സംഘം രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ ; എങ്കിൽ അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സാധാരണ സംഘം രജിസ്റ്റർ ചെയ്യുന്നതുപോലുള്ള നിയമ നടപടികൾ തന്നെയാണോ പ്രവാസി സംഘത്തിനുമെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു പഞ്ചായത്തിൽ ഒന്നിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകാൻ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവാസി വകുപ്പുമുഖേന പ്രവാസി സംഘം രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഏഴോ അതിലധികമോ ആളുകൾ ചേർന്ന് അവരുടെ പേര്, വിലാസം, സംഘടനയിലെ സ്ഥാനം, തൊഴിൽ എന്നിവ രേഖപ്പെടുത്തി ഒപ്പുവച്ച പ്രമേയവും സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് ഒരു മെമ്മോറാണ്ടം രൂപീകരിച്ച് അപ്രകാരമുള്ള മെമ്മോറാണ്ടവും നിയമാവലിയുടെ ശരിപ്പകർപ്പും അതാത് സംഘം രജിസ്ട്രാർ (ജില്ലാ രജിസ്ട്രാർ (ജനറൽ)) മുമ്പാകെ ഫയൽ ചെയ്ത് സംഘം രൂപീകരിക്കാവുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒന്നിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമില്ല. എന്നിരുന്നാലും ഒരേ പ്രവർത്തന പരിധിയിൽ ഒരേ ഉദ്ദേശലക്ഷ്യത്തോടെ ഒരേ പേരിൽ ഒന്നിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അഭികാമ്യമായിരിക്കില്ല.

വയനാട് ജില്ലയിൽ തിരിച്ചറിയൽ കാർഡ്

56 (4403) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമത്തിനായി നോർക്ക വകുപ്പും നോർക്കാ റൂട്ട്സും നടപ്പാക്കുന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എത്ര പേർക്കാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളത് ; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) കാരുണ്യ ധനസഹായ പദ്ധതി, സാന്ത്വന ധനസഹായ പദ്ധതി, ചെയർമാൻ ഫണ്ട് എന്നിവ പ്രകാരം കഴിഞ്ഞ ഒരു വർഷം വിതരണം ചെയ്ത ധനസഹായങ്ങളുടെ വിവരം താലൂക്ക്/പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിൽ നോർക്കാ സെൽ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഫോൺ നമ്പർ സഹിതം ഓഫീസിന്റെ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ 776 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സാന്ത്വന സഹായ പദ്ധതിയിൻകീഴിൽ 2009-10 സാമ്പത്തിക വർഷം 394 പേർക്ക് 35,79,500 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2008-ൽ രൂപീകരിച്ച ചെയർമാൻഫണ്ടിനു കീഴിൽ നാളിതുവരെയായി 121 അപേക്ഷകൾക്ക് 6,83,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇവരുടെ താലൂക്ക്/പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. 2009-ൽ രൂപീകരിച്ച കാരുണ്യം പദ്ധതി അനുസരിച്ച് ലഭിച്ച അപേക്ഷകളിന്മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നതിനാൽ കഴിഞ്ഞ ഒരു വർഷം കാരുണ്യം ധനസഹായ പദ്ധതിയിൽനിന്ന് ധനസഹായം വിതരണം ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly